# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3198 25.06.2012-ൽ മറുപടിയ്ക്ക്

## സേവനാവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) വിവരാവകാശ നിയമം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) വിവരാവകാശ നിയമത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിലേയ്ക്കായി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാവർക്കും സർക്കാർ നൽകിയിട്ടുണ്ട്. അതിനനുസൃതമായി പ്രവർത്തിക്കുന്നതിന് എല്ലാ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാർക്കും അപ്പീൽ അധികാരികൾക്കും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മനപ്പൂർവം രേഖകൾ നൽകാത്തവർക്ക് വിവരാവകാശ കമ്മീഷൻ പിഴശിക്ഷ വിധിക്കുന്നുണ്ട്. കമ്മീഷൻ മുമ്പാകെ വരുന്ന പരാതികൾ/അപ്പീലുകൾ എന്നിവ ആസ്ഥാനത്തു വച്ച് ഹിയറിങ്ങുകളും വിവിധ ജില്ലകളിൽ വച്ച് ക്യാമ്പ് സിറ്റിങ്ങുകളും നടത്തി തീർപ്പാക്കുന്നുണ്ട്. വീഡിയോ കോൺഫറൻസ് വഴിയും കേസുകൾ തീർപ്പാക്കുന്നുണ്ട്. പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ഉദ്യോഗസ്ഥർക്ക് ആവശ്യമായ ട്രെയിനിംഗ് ഐ.എം.ജി വഴിയായും മറ്റ് സ്ഥാപനങ്ങൾ മുഖേനയും നൽകി വരുന്നുണ്ട്. |
| (ബി) സേവനാവകാശ നിയമം കേരളത്തിൽ ഏതെല്ലാം വകുപ്പുകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;<br><br>(സി) ഈ നിയമം നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | (ബി) & (സി) സേവനാവകാശ നിയമം 2012-ന്റെ കരട് 30.05.2012-ലെ മന്ത്രിസഭാ യോഗം അംഗീകരിയ്ക്കുകയും നിയമസഭയിൽ അവതരിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതു പ്രകാരം പ്രസ്തുത നിയമം നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ